# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **147/2026** തിരുവനന്തപുരം, തീയതി : **16/07/2026**

## <u>പത്രക്കുറിപ്പ്</u>

### <u>കേരള സർവകലാശാല</u>
### <u>ബിഎഡ് പ്രവേശനം – 2026</u>
### <u>സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നൽകുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം.</u>

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള ഒന്നാം വർഷ ബിഎഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

നിലവിൽ അഡ്മിഷനിൽ തുടരുന്ന വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലും കാരണത്താൽ അഡ്മിഷൻ നഷ്ടമായ വിദ്യാർത്ഥികൾ എന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം “edit profile” ലിങ്ക് വഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

നിലവിൽ അലോട്ട്മെന്റുകൾ ഒന്നും ലഭിക്കാത്ത വിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്. മുകളിൽ പറഞ്ഞ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കാത്തപക്ഷം പ്രൊഫൈലിൽ ലഭ്യമായ **FORUM** ടാബ് ഉപയോഗിക്കാവുന്നതാണ്.

**ഇതര സർവകലാശാലകളിൽ നിന്ന് ബിരുദം, ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.**

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും **(options for supplementary allotment)** അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ഏപ്രിലിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ എംഎസ്സി ബയോടെക്നോളജി കോഴ്സിന്റെ പ്രാക്ടിക്കൽ & വൈവവോസി പരീക്ഷയിൽ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ വച്ച് നടത്താനിരുന്ന ജൂലൈ 22, 23, 24 തീയതികളിലെ പരീക്ഷകൾ യഥാക്രമം ജൂലൈ 21, 22, 23 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി ബോട്ടണി (റെഗുലർ & സപ്ലിമെന്ററി), ഡിസംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് **www.slcm.keralauniversity.ac.in** മുഖേന 2026 ജൂലൈ 25 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാല നടത്തുന്ന അഞ്ചാം സെമസ്റ്റർ ബിഎ ഓണേഴ്സ് പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, സെപ്റ്റംബർ 2026 ഡിഗ്രി പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവവോസി

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ ഡാൻസ് (കേരളനടനം), എംഎ മ്യൂസിക് (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ/

വൈവവോസി 2026 ആഗസ്റ്റ് 03 മുതൽ 06 വരെ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല **2026** ജൂണിൽ വിജ്ഞാപനം ചെയ്ത നാലാം സെമസ്റ്റർ, ബിവോക് ഫുഡ് പ്രോസസ്സിംഗ് **&** മാനേജ്മെന്റ് **(356) &** ബിവോക് ഫുഡ് പ്രോസസ്സിംഗ് **(359)** കോഴ്സുകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ **2026** ജൂലൈ **20** മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>ടൈംടേബിൾ</u>

കേരളസർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ മാസ്സ് കമ്മ്യൂണിക്കേഷൻ & ജേർണലിസം ഡിസ്സെർട്ടേഷൻ/കോംപ്രിഹെൻസീവ് വൈവവയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഏഴാം സെമസ്റ്റർ ബിടെക് ബിരുദ പരീക്ഷ, മെയ് 2026 [(2013 സ്കീം – മേഴ്സിചാൻസ് – 2013 & 2014 അഡ്മിഷൻ)], സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ (2008 & 2013 സ്കീം), കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ സപ്ലിമെന്ററി വിദ്യാർത്ഥികൾ (2015 - 2017 അഡ്മിഷൻ വരെ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പരീക്ഷാ കേന്ദ്രം</u>

കേരളസർവകലാശാല 2026 ജൂലൈ 21 ന് നടത്തുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബികോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെ പ്രാക്ടിക്കൽ (സപ്ലിമെന്ററി) പരീക്ഷയ്ക്കായി യു.ഐ.ടി. മുഖത്തല പരീക്ഷാ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ യു.ഐ.ടി. കൊല്ലം - ൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബിസിഎ **(332)** (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് **- 2023** അഡ്മിഷൻ, സപ്ലിമെന്ററി **- 2021 & 2022** അഡ്മിഷൻ, മേഴ്സിചാൻസ് **- 2013, 2017, 2018 & 2020** അഡ്മിഷൻ), ജൂൺ **2026** ഡിഗ്രി പരീക്ഷയുടെ **2026** ജൂലൈ **21, 22** തീയതികളിലെ പ്രാക്ടിക്കൽ പരീക്ഷകൾക്ക് ചാവർകോട് സി.എച്ച്.എം.എം. കോളേജ്, യു.ഐ.ടി. മുഖത്തല എന്നിവ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ആയൂർ മാർത്തോമാ കോളേജിലും, മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജ്, വിളപ്പിൽ സരസ്വതി കോളേജ്, യു.ഐ.ടി. വെള്ളറട എന്നിവ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ അമ്പലത്തറ നാഷണൽ കോളേജിലും, സി.എ.എസ്. **(CAS)** കാർത്തികപ്പള്ളിയിലെ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ യു.ഐ.ടി ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## <u>പിഎച്ച്.ഡി. എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു</u>

കേരളസർവകലാശാല 2026 ഒക്ടോബർ 24 ന് നടത്താൻ തീരുമാനിച്ചിരിക്കുന്ന **2026** പിഎച്ച്.ഡി എൻട്രൻസ് പരീക്ഷയ്ക്ക് യോഗ്യരായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾക്ക് ഓൺലൈനായി 2026 ആഗസ്റ്റ് 14

മുതൽ സെപ്റ്റംബർ 23 വരെ അപേക്ഷിക്കാവുന്നതാണ്. ഓഫ്‌ലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് അവരുടെ യോഗ്യത അനുസരിച്ചിട്ടുള്ള വിഷയം ഓൺലൈൻ റിസർച്ച് പോർട്ടലിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **www.research.keralauniversity.ac.in** എന്ന വെബ്സൈറ്റ് സന്ദർശി ക്കാവുന്നതാണ്.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**